**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 243 07.08.2017 ൽ മറുപടിക്ക്

മാവേലിക്കര ജില്ലാ ആശുപത്രി

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ജില്ലാ ആശുപത്രിക്കാനുപാതികമായ ഡോക്ടർമാർ ഇല്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജില്ലാ ആശുപത്രിക്കാവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിച്ച് ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | (ബി) | മാവേലിക്കര ജില്ലാ ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഡോക്ടറുമാരുടെയും അനുബന്ധ സ്റ്റാഫുകളുടെയും അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ എണ്ണവും ജില്ലാ ആശുപത്രി നിലവാരത്തിൽ ആവശ്യമുള്ള ഡോക്ടർമാരുടെ എണ്ണവും വ്യക്തമാക്കാമോ; | (സി) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടറുമാരുടെ എണ്ണം 31. ജില്ലാ ആശുപത്രിയുടെ നലവാരത്തിനുവേണ്ട ഡോക്ടറുമാരുടെ എണ്ണം 78. |
| (ഡി) | സിവിൽ സർജൻ പോസ്റ്റിൽ അടിയന്തരമായി ഡോക്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | മാവേലിക്കര ജില്ലാ ആശുപത്രിക്കായി സിവിൽ സർജൻ തസ്തിക സൃഷ്ടിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ